അപകടവുമുണ്ടാകാൻ പോകുന്നില്ല; കേരളത്തെ സംബന്ധിച്ചിടത്തോളം. അതാണ് ആറാം ഖണ്ഡികയെപ്പററി ശ്രീ. ഇ.എം. എസ്. പറഞ്ഞത്. ആറാം ഖണ്ഡിക വായിച്ചപ്പോൾ ഇ. എം. എസ്സിന് തമാശ തോന്നി. എന്താണ്? ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു 400 മുതൽ 500 കോടി വരെ ഇവിടെ കൂടുതൽ വരുമാനമുണ്ടാകുമെന്ന്. ശരിയല്ലേ? അത് ശ്രീ. നായനാർ സമ്മതിച്ചല്ലോ. കഴിഞ്ഞപ്രാവശ്യം മുഖ്യമന്ത്രി 407 കോടി എന്നു പറഞ്ഞപ്പോൾ ശ്രീ. നായനാർ പറഞ്ഞല്ലോ ശരിയല്ല 500 കോടിയെന്ന്. ഞാൻ പറയുന്നു ഇവിടെ കുരുമുളക്, ചുക്ക്, ഇഞ്ചി, ഏലം, ചായ, കാപ്പി, കയർ, കൈത്തറി, ഫിഷ് ഇതെല്ലാം കയററുമതി ചെയ്യാൻ സാധിക്കും. അതുകൊണ്ട് രൂപ കൂടുതൽ കിട്ടും. അവിടെ ഡോളർ കുറവായതുകൊണ്ട് കൂടുതൽ മാർക്കററുണ്ടായിരിക്കും നമുക്ക്. അതുകൊണ്ട് ഈ രൂപയുടെ വില കുറച്ചതുകൊണ്ട് ഏററവും വലിയ ഗുണം കിട്ടാൻ പോകുന്ന സംസ്ഥാനം കേരളമാണ്. രൂപയുടെ വില കുറച്ചതുകൊണ്ട് റബ്ബറിന് ഇൻറർനാഷണൽ പ്രൈസ് കൂടും, അങ്ങനെ റബ്ബറിന് ഇൻറർനാഷണൽ പ്രൈസ് കൂടുന്നതുകൊണ്ട് ഇവിടെ ഇറക്കുമതി ചെയ്യുന്നത് ബുദ്ധിമുട്ടാകും. അങ്ങനെവരുമ്പോൾ റബ്ബർകൃഷിക്കാർക്ക് ന്യായമായ വില കിട്ടാനുള്ള സാഹചര്യം ഉണ്ടാകും. എല്ലാ നിലയിലും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രൂപയുടെ വില കുറച്ചത് ഒരു അനുഗ്രഹമായി വന്നിരിക്കുന്നു. ഇറക്കുമതി കുറയ്ക്കാൻ കഴിഞ്ഞാൽ കയററുമതി വർദ്ധിപ്പിക്കാൻ സാധിച്ചാൽ ഇന്ത്യാ രാജ്യത്തിന് ഗുണം ചെയ്യുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഏതായാലും ഒരു പ്രത്യേക സാഹചര്യത്തിൽ, ഒരു പ്രതിസന്ധിയിൽ സംസ്ഥാനത്തെ സാമ്പത്തികരംഗത്ത് നായനാർ സർക്കാരും വി. പി. സിംഗിന്റെ സർക്കാരും ഉണ്ടാക്കിയ തകർച്ചയിൽ ഇത്രയും വലിയ ഇത്രയും നല്ല ഒരു ബഡ്ജററ് അവതരിപ്പിച്ച ധനകാര്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട്, ഈ സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ പിന്താങ്ങുന്നു.

<u>ശ്രീ. സി. കെ. ചന്ദ്രപ്പൻ</u>: സർ, നമ്മുടെ ധനകാര്യമന്ത്രി, എന്റെ സ്നേഹിതൻ ശ്രീ. ഉമ്മൻചാണ്ടി, ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജററിനെ എതിർക്കുന്നതിന് ഏററവും മുഖ്യമായ കാരണം ഇതൊരു പോപ്പുലിസ്ററ് ബഡ്ജററായതുകൊണ്ടാണ്. എന്നുവച്ചാൽ ഗ്യാലറികളിൽനിന്നു കയ്യടികിട്ടാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം നൽകിയിട്ടുള്ള ചെറിയ ആനുകൂല്യങ്ങൾ വാസ്തവത്തിൽ നമ്മുടെ സാമ്പത്തിക ജീവിതത്തിൽ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിനൊരു കോസ്മററിക് ഇഫക്ട് ഉണ്ടാക്കാൻ കഴിയുമെന്നതിൽക്കവിഞ്ഞ് വലിയ ഫലമുണ്ടാകുമെന്നു തോന്നുന്നില്ല. മാത്രമല്ല ഈ ബഡ്ജററ് അവതരിപ്പിക്കുമ്പോൾ അദ്ദേഹം സ്വീകരിച്ച ചില മാർഗ്ഗങ്ങൾ അതിന്റെ ആമുഖമായിത്തന്നെ അദ്ദേഹം പറഞ്ഞു രാജ്യത്താകെത്തന്നെ, ഒരു പുതിയ പ്രതീക്ഷയുടെ കാലഘട്ടമുണ്ടായിരിക്കുന്നു, ആ പ്രതീക്ഷയിൽ ഉറച്ചുനിന്നുകൊണ്ടാണ് തന്റെ ബഡ്ജററ് അവതരിപ്പിക്കുന്നതെന്ന്. ഇന്നു വൈകുന്നേരം ലോകസഭയിൽ കേന്ദ്രധനകാര്യ മന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ് അവതരിപ്പിക്കും. കേന്ദ്രത്തിന്റെ പതിവ് ഇവിടത്തേതുപോലെയല്ല. നേരത്തെ ഇക്കണോമിക് റിവ്യൂ കൊടുക്കാറുണ്ട്. നമുക്കും കിട്ടിയിട്ടുണ്ട്. ആ ഇക്കണോമിക് റിവ്യൂ. ഇക്കണോമിക് ടൈംസ്പോലെയുള്ള പത്രങ്ങളൊക്കെ അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നമ്മുടെ ധനകാര്യമന്ത്രി ഇവിടെ വാച്ചുകാണിക്കാൻ ശ്രമിച്ച ഒരു ചിത്രവും അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ചെയ്തുതീർക്കുമെന്ന് ലാഘവത്തോടുകൂടി പറഞ്ഞകാര്യങ്ങളും കേന്ദ്രധനകാര്യമന്ത്രിക്ക് പറയാൻ കഴിയുമോ ? അദ്ദേഹം പറഞ്ഞത് "Hard decisions and difficult choices are ahead". അങ്ങനെ പറയാൻ കാരണം Prof. G.C. da Costa അദ്ദേഹം ഒരു സാമ്പത്തികവിദഗ്ദ്ധനാണ്. ഇക്കണോമിക് ടൈംസിൽ തന്നെ അദ്ദേഹത്തിന്റെ ഒരു ലേഖനമുണ്ട്.

The essence of the current economic crisis lies in the excess of domestic absorption over domestic production. For several years the country has been living beyond its means.

ഇതുതന്നെയാണ് നമ്മുടെ ധനകാര്യമന്ത്രിയും ഈ കാര്യത്തെപ്പററി പറഞ്ഞത്.

We were living beyond its means.

അതിന് ആരാണുത്തരവാദി ? ധനകാര്യമന്ത്രി വളരെ ലളിതമായി ഒരു ചിത്രം വരച്ചു കാണിച്ച് ഒന്ന് ഒന്നരകൊല്ലക്കാലം ഭരിച്ച വി. പി. സിംഗിന്റേയും ചന്ദ്രശേഖറിന്റേയും ഭരണം, ശ്രീ. ചന്ദ്രശേഖറിന്റെ ഭരണം അവരുടേതായിരുന്നോ ശ്രീ. ചന്ദ്രശേഖറിന്റേതായിരുന്നോ എന്ന് എനിക്കറിഞ്ഞുകൂടാ, അവരാണ് എല്ലാ കുഴപ്പത്തിനും കാരണക്കാരെന്ന് പറഞ്ഞുവച്ചു.

ഇവിടെ ഒരുപാട് കണക്കൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ രാജ്യത്തിന്റെ ഗ്രോസ് ഫിസിക്കൽ ഡെഫിസിററിന്റെ കാര്യം പറയാം. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കണക്കാണ് പറയാൻ പോകുന്നത്. 1980-81-ൽ

12 Noon

ഇന്ദിരാഗാന്ധി അധികാരത്തിൽ വരുമ്പോൾ 8, 871 കോടി രൂപയായിരുന്നു. ഇന്ദിരാഗാന്ധിയുടെ ഭരണം അവസാനിച്ച് രാജീവ് ഗാന്ധി അധികാരത്തിൽ വരുമ്പോൾ അത് 17, 783 കോടി രൂപയായി. എന്നു പറഞ്ഞാൽ ഇരട്ടിയിൽ കൂടുതലായി. അത് രാജീവ് ഗാന്ധിയുടെ ഭരണം അവസാനിച്ചപ്പോൾ 35,630 കോടി രൂപയായി വർദ്ധിച്ചു. ഇരട്ടി വർദ്ധിച്ചു. 1990-91-ൽ അത് 43,331 കോടി രൂപയായി. ഞാൻ പറയുന്നത് അങ്ങനെ കുററം പറഞ്ഞിട്ട് കാര്യമുണ്ടോ ? അവരെല്ലാം ചീത്ത ചെയ്തതുകൊണ്ട് രാജ്യം കുടത്തിലായി എന്നല്ല. ഈ രാജ്യം തുടർന്നുവന്ന ഒരു സാമ്പത്തികനയം ഉണ്ട്. സ്വാതന്ത്ര്യാനന്തരം ഇവിടെ കൂടുതൽനാൾ ഭരിച്ചത് കോൺഗ്രസ് ആണ്. അവർ തുടർന്നുവന്ന സാമ്പത്തികനയം ഈ രാജ്യത്തെ സാമ്പത്തികമായി പാപ്പരാക്കുന്ന ഒന്നായിരുന്നു. ഡെഫിസിററ് ഫൈനാൻസിംഗിനെ ആശ്രയിച്ചുകൊണ്ട് ബഡ്ജററുകൾക്ക് രൂപം കൊടുക്കുന്ന ഓരോ ധനകാര്യവകുപ്പുമന്ത്രിയും, ഉമ്മൻചാണ്ടിയുംപ്പെടെയുള്ളവർ പറയാറുള്ള ന്യായം നമ്മുടെ ഇക്കോണമിയുടെ റെസിലൻസ് വളരെ വലുതാണ്. ഇതൊക്കെ അബസോർബ് ചെയ്തുകൊള്ളുമെന്നാണ് പണ്ടുപണ്ടേ ഇവരുടെ മുൻഗാമികൾ പറഞ്ഞുവച്ചത്. അബ്സോർബ് ചെയ്ത് അബ്സോർബ് ചെയ്ത് നമ്മൾ എത്തിയ സ്ഥിതിയാണ് ഈ കാണുന്നത്. 43, 331 കോടി രൂപയുടെ ഗ്രോസ് ഫിസ്ക്കൽ ഡെഫിസിററ് ഒന്നര വർഷം ഭരിച്ച വി. പി. സിംഗിന്റെയും ചന്ദ്രശേഖറിന്റെയും ദോഷമാണെന്നു പറഞ്ഞ് തടിതപ്പുമ്പോൾ വാസ്തവത്തിൽ തങ്ങളുടെ എല്ലാ പാപങ്ങളും പീലാത്തോസ് കൈ കഴുകിയതുപോലെ കൈ കഴുകി അതിൽനിന്ന് മാറി



LIBRARY ARCHIVES Kerala Legislative Assembly

നില്ക്കാനുള്ള ഒരു ശ്രമമാണെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിച്ചു കൊള്ളട്ടെ. പിന്നെ എന്റെ സുഹൃത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് കണക്കുകൾകൊണ്ട് മനോഹരമായ ചിത്രം വരച്ചുകാണിച്ചു. കാര്യങ്ങളെല്ലാം മനസ്സിലാക്കി പ്രസംഗിക്കാൻ അദ്ദേഹത്തിന് വളരെയധികം കഴിവുണ്ട്. അദ്ദേഹം പറഞ്ഞ കണക്കുകൾ എവിടെ നിന്നാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ ഇക്കണോമിക് റെവ്യൂവിലുള്ള ഒരു കണക്ക് പറയാം. അതിവിടെ വേണമെങ്കിൽ വയ്ക്കാനും തയ്യാറാണ്. ഫോറിൻ കറൻസി റിസർവ്വ് 1986-87-ൽ 7,645 കോടി രൂപയുടേതായിരുന്നു. അത് താഴോട്ട് താഴോട്ടുവന്ന് "Foreign currency reserves sliding". എന്നാണ് ഹെഡ്ഡിംഗ്. ഓരോ വർഷത്തേയും കണക്ക് വായിച്ചാൽ എന്റെ സമയം പോകും. അത് 4388 കോടി രൂപയിലേക്ക് താഴുന്നു. രാജീവ് ഗാന്ധിയുടെ ഭരണം അവസാനിക്കുമ്പോൾ 5,787 കോടി രൂപയിൽ നിന്നും 4,388 കോടി രൂപയായി. എക്സ്റേണൽ ഡെബ്റ്റിനെ പറ്റി ഇവർ കൊടുത്തിരിക്കുന്ന ഹെഡ്ഡിംഗ് എന്താണ് ?

'External Debt balancing'

എന്നാണ്. അതൊന്നും വലിയ കുഴപ്പമല്ല ; എല്ലാം ഭദ്രമായിരിക്കുന്നുവെന്നാണ് ഇവിടെ പറഞ്ഞുകേട്ടത്. ഞാൻ പറയുന്നത് പാർലമെന്റിൽ സമർപ്പിച്ച ഇക്കണോമിക്ക് റെവ്യുവിലുള്ളതാണ്. 1986-87-ൽ 48,348 കോടി രൂപ. അത് രാജീവിന്റെ ഭരണാവസാനം 1988-89 ആകുമ്പോൾ 69,383 കോടി രൂപയായി. അതിപ്പോൾ 99,458 കോടി രൂപയായി. ഈ രംഗത്തെല്ലാം ഒരേ പ്രവണത നമുക്ക് കാണാൻ കഴിയും. ആ വസ്തുത വെള്ള പൂശി കാണിക്കാൻ മന്ത്രി ശ്രമിക്കുന്നതുകൊണ്ട് അദ്ദേഹത്തിനും ഗുണം ചെയ്യുകയില്ല, നമ്മുടെ സംസ്ഥാനത്തിനും ഗുണം ചെയ്യുകയില്ല എന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ഇനി ഇവരുടെ വാഗ്ദാനങ്ങളെപ്പറ്റി പറയാം. അഞ്ചുവർഷത്തെ വാഗ്ദാനങ്ങളാണ്; അത് അഞ്ചുവർഷം പൂർത്തിയാകുന്നതിനുമുമ്പുതന്നെ ചെയ്തുകളയുമെന്നൊരു ഭീഷണിയോടുകൂടിയാണ് ആര്യാടൻ മുഹമ്മദ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. കോൺഗ്രസ്സിന്റെ ഇത്തവണത്തെ പ്രകടനപത്രിക ഏതാണ്ട് ഒരു ഡോക്ടർ കൊടുക്കുന്ന പ്രിസ്ക്രിപ്ഷൻ പോലെയാണ്. നൂറുദിവസമാകുമ്പോൾ ഇന്നത് 101 ദിവസം മുതൽ ഇന്നത് എന്നവിധത്തിലുള്ളതാണ്. ഞാൻ ഒരു കാർട്ടൂൺ കാണിക്കാം. ഇത് ബിസിനസ് ആന്റ് പൊളിറ്റിക്കൽ റവ്യൂ പ്രസിദ്ധീകരിച്ച കാർട്ടൂണാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയാണ് നടക്കുന്നത്. രൂപയും കയ്യിൽ പിടിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ നില്പ്. അതിന്റെ മൂല്യം വെട്ടിക്കുറച്ചു.

"Tc start with, we have cut down the price of the rupee". രൂപയുടെ വില കുറച്ചു. രൂപയുടെ മൂല്യം കുറച്ചു. വേറെ മൂല്യശോഷണത്തിന്റെ കാര്യം പറയുകയാണെങ്കിൽ മററുള്ള കാര്യങ്ങൾ അധികം പറയണമല്ലോ ? നമ്മുടെ മന്ത്രിക്ക് ഇഷ്ടമുള്ള ഒരു പത്രമാണല്ലോ മലയാളമനോരമ. ആ മലയാള മനോരമ ഇന്നലെ ഈ മന്ത്രിസഭയുടെ ഒന്നാംമാസം തികയുമ്പോൾ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിലെ സാധനങ്ങളുടെ വിലയും മററുമെല്ലാം എവിടെ നിൽക്കുകയാണെന്നുള്ളതിന്റെ ഒരു കണക്ക് കൊടുത്തിട്ടുള്ളത് ജനയുഗം (ജനയുഗം ഞങ്ങളുടെ പത്രമാണ്) കാട്ട് ചെയ്തിട്ടുണ്ട്. എന്താണ് അതിന്റെ സ്ഥിതി., ജൂൺ 12 മുതൽ ജൂലൈ 22 വരെയാണ്. അരിയുടെ വില 450-475 ഇപ്പോൾ 525-530 ചെറുപയർ 900-950 ഇപ്പോൾ 900-1000. പഞ്ചസാര 872 ഇപ്പോൾ 890. അണ്ടി പരിപ്പ് 850-1100 ഇപ്പോൾ 1600-1800. കടല 900-950 ഇപ്പോൾ 1000-1110 വില കുറയ്ക്കുന്നു. നൂറുദിവസമാകാത്തതുകൊണ്ട് ഇനി നൂറാമത്തെ ദിവസം ഇത് കുറച്ചു കളയാമെന്നുള്ള വിചാരത്തിലായിരിക്കും. ഈ ബഡ്ജററിനെ എതിർക്കുന്നതിനുള്ള മുഖ്യമായ കാര്യം. അത് സത്യസന്ധതയില്ലാത്ത ബഡ്ജററാണെന്നതുകൊണ്ടാണ്. ഒരു intellectual dishonesty ബഡ്ജററിൽ ഉടനീളം ഉണ്ട്. കഴിഞ്ഞ ഗവൺമെൻറിനെക്കുറിച്ച് ഒരുപാട് പറയാൻ കാണും. എന്നാൽ ഒരു കാര്യം ഉണ്ടായി. പ്രൊഡക്ഷൻ ഓറിയെൻറഡ് ആയിട്ടുള്ള ഒരു സമീപനം കഴിഞ്ഞ ഗവൺമെൻറിന് ഉണ്ടായിരുന്നു. ആ സമീപനം കേരളത്തിന്റെ കാർഷിക വ്യാവസായിക മേഖലകളിൽ വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കി. ഒരു നല്ല ക്വാളിററിയുള്ള ജീവിതം മലയാളികൾക്ക് നൽകണമെന്ന് വിചാരിച്ചതുകൊണ്ടാണ് ആ ഗവൺമെൻറ് നൂറുശതമാനം സാക്ഷരത എന്നതിൽ ഊന്നിയത്. അതുപോലെ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഇവരുടെ സമീപനമെന്താണ്? നൂറു ശതമാനം സാക്ഷരതയെന്നുള്ള തീരുമാനത്തെതന്നെ ഇവർ തള്ളിക്കളഞ്ഞു. ഗാന്ധിജി പറഞ്ഞിട്ടുണ്ട്; ഗാന്ധിജിയുടെ ഏററവും പ്രിയപ്പെട്ടതായിരുന്നു സാക്ഷരത പ്രസ്ഥാനം എന്ന്; അതിനെ - തള്ളിപ്പറഞ്ഞുകൊണ്ട്, വികസനത്തിൽ ഊന്നിനിന്നുകൊണ്ട് ചെയ്ത എല്ലാററിനേയും നിഷേധിച്ചുകൊണ്ട്, ഒന്നും നടന്നിട്ടില്ലെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു സമീപനം, intellectual dishonesty യുടേതാണ് ആ സമീപനം.

എനിക്ക് ഒ. എൻ. വി.യുടെ കവിതയാണ് ഓർമ്മ വരുന്നത്. "ദീപങ്ങളെല്ലാം കെടുത്തി, ഞാൻ പ്രാർത്ഥിച്ചു ദീപമേ നയിച്ചാലും." ഈ രാജ്യം നാലു വർഷക്കാലം ഭരിച്ച ഇടതുപക്ഷജനാധിപത്യ മുന്നണി ഇവിടത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട ഒരു ജീവിതം പ്രധാനം ചെയ്യാൻ വേണ്ടി ചെയ്ത എല്ലാററിനെയും തല്ലിത്തകർത്ത് ഇന്ന് വൈകുന്നേരം പാർലമെൻറിൽ സമർപ്പിക്കുന്ന ബഡ്ജററ്, അതിനുശേഷം നടത്താൻ പോകുന്ന വ്യവസായനയപ്രഖ്യാപനം എല്ലാം വരുമ്പോൾ ഗാന്ധിജിയുടെയും പണ്ഡിററ് ജവഹർലാൽ നെഹ്റുവിന്റെയും സാമ്പത്തിക നയങ്ങളോട് ഇവർ എന്നന്നേക്കുമായി വിട പറഞ്ഞുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അങ്ങനെ എല്ലാററിനോടും വിടപറഞ്ഞുകൊണ്ട് വെറും മോഹങ്ങളാണ് അദ്ദേഹം നിരത്തി വച്ചിട്ടുള്ളത്. ഈ ബഡ്ജററിലൂടെ വലിയൊരു ഡെഫിസിററാണ് വരാൻ പോകുന്നത്. അതിന്റെ കണക്കുകൾ ഭരതൻ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഭരതൻ പറഞ്ഞതിനെക്കാൾ ഒരുപാട് മുന്നോട്ടുപോകും. അത്രയും വലിയ ഒരു ഡെഫിസിററ് വരുത്തിവയ്ക്കാൻ പോകുന്ന ഒരു ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ഒരുപാട് മോഹങ്ങളെക്കുറിച്ച് ഇതിൽ പറഞ്ഞിരിക്കുകയാണ്. കണ്ണ് അല്ലാത്തതൊക്കെ പൊന്നാക്കാം, ആയിരം കോടി രൂപയുടെ തൊഴിൽദാന പദ്ധതിയിൽ നെൽകൃഷി വികസനത്തിന് 100 കോടി രൂപ; intellectual dishonesty—യുടെ മറെറാരു കാര്യം കേന്ദ്ര ഗവൺമെൻറിൽ രാജീവ്ഗാന്ധിയും ഇവിടെ ശ്രീ. കരുണാകരൻ മന്ത്രിസഭയുമായിരുന്ന കാലം മുതൽ ചോദിക്കുന്നതാണ് ഊർജ്ജിത നെൽകൃഷി വികസന പരിപാടിയിൽ കേരളത്തെ പെടുത്തുമോയെന്നകാര്യം.

അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കിട്ടുന്ന നേട്ടങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ച് അദ്ദേഹം 100 കോടി രൂപ ചെലവാക്കുമെന്നും അതുപോലെ മററ് ഒരുപാട് കോടികളുടെയും കഥ പറയുന്നു. എവിടെനിന്ന് ഈ പണമുണ്ടാകും? അദ്ദേഹത്തിന്റെ നികുതി നിർദ്ദേശങ്ങൾ, അദ്ദേഹത്തിന്റെ Resource mobilization നുവേണ്ടിയുള്ള കണക്കുകൾ ഇവയൊക്കെനോക്കിയാൽ അദ്ദേഹം പറഞ്ഞത് മിക്കവാറും ഈ ബഡ്ജററ് ഈയർ അവസാനിക്കുമ്പോൾ ഡെഫിസിററ് തുത്തുനീക്കിയിരിക്കുമെന്നാണ്. എല്ലാ ധനകാര്യ മന്ത്രിമാരും പറയാറുള്ള ഒരു പതിവു വാക്ക് ; കമ്മി അങ്ങനെ ലളിതമായി തീർക്കാനൊക്കുകയില്ല. അപ്പോൾ ഈ മോഹങ്ങൾ മോഹങ്ങളായി അവശേഷിക്കും. ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കട്ടെ, നമ്മുടെ സാമ്പത്തിക ശാസ്ത്രത്തിന്റെ ഏററവും വലിയ ഉപജ്ഞാതാവ് Adam Smith, "Wealth of Nations" അദ്ദേഹത്തിന്റെ ഗ്രന്ഥകാരൻ ഒരിക്കൽ പറഞ്ഞ കാര്യം ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഓർമ്മക്കുവേണ്ടി ഞാൻ പറയുകയാണ്. "If desires were horses" "മോഹങ്ങൾ കുതിരകളാണെങ്കിൽ" beggers would ride horses" തെണ്ടികൾ കുതിര സവാരി നടത്തും. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഈ വർഷം അവസാനിക്കുമ്പോൾ കേരളം ആ കാഴ്ച കാണും. അദ്ദേഹത്തിന്റെ മോഹങ്ങൾ മോഹഭംഗങ്ങളായി മാറുന്ന കാഴ്ച ; ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്.

<u>ശ്രീ. പി. വി. മുഹമ്മദ്</u> : ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഞാൻ മാത്രമല്ല, കേരളത്തിലെ മന:സാക്ഷിയുള്ള എല്ലാവരും ഇതിനെ സ്വാഗതം ചെയ്യും. അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ഇതിനെ സ്വാഗതം ചെയ്യാൻ പ്രയാസമുണ്ടെന്നുള്ളത് എനിക്കറിയാം. അതുകൊണ്ടാണ് കണക്കുകൾ കൊണ്ടുള്ള കസർത്ത് കളിച്ച് അവർ രക്ഷപ്പെടുന്നത്. അതേ സന്ദർഭത്തിൽ ഈ ബഡ്ജററിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് എങ്ങനെ ബാധകമാകുന്നുവെന്നുള്ള കാര്യത്തെ സംബന്ധിച്ചുള്ള യാഥാർത്ഥ്യം അവർ മറന്നിരിക്കുകയാണ്. കഴിഞ്ഞ നാലുകൊല്ലം ഈ സംസ്ഥാനം ഭരിച്ചവർ കാട്ടാന കയറിയ കരിമ്പിൻതോട്ടം പോലെയാക്കിയിട്ടാണ് ഇറങ്ങിപ്പോയത്. ഇവിടെ ഇനി എന്തെങ്കിലും ബാക്കി ഉണ്ടോ? കഴിഞ്ഞ നാലുകൊല്ലത്തെ നായനാർ ഭരണത്തിന്റെ സ്ഥിതി എന്തായിരുന്നു? വിദ്യാഭ്യാസ മേഖലയിലായാലും ആരോഗ്യ രംഗത്തായാലും ക്രമസമാധാനത്തിന്റെ പേരിലായാലും ഇവിടെ നടന്നത് എന്താണ്? ഇതൊക്കെ വിലയിരുത്തിക്കൊണ്ടുവേണ്ടേ ഈ ബഡ്ജററിനെ കാണാൻ? ഇവിടെ ചരിത്രത്തിലില്ലാത്ത വലിയ പ്രഖ്യാപനങ്ങളാണ് നടത്തിയിട്ടുള്ളത്" അത് ഇവിടെ സൂചിപ്പിച്ചതുപോലെ തടിതപ്പാനുള്ള പ്രഖ്യാപനങ്ങളല്ല. അവ നടത്താൻ ബാദ്ധ്യസ്ഥരാണ്, നടത്തുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നമ്മുടെ വിദ്യാഭ്യാസമേഖലയിൽ എന്താണ് നടന്നിരുന്നത്? ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. കഴിഞ്ഞ നാലുകൊല്ലത്തിൽ ഏതെങ്കിലും വർഷം കുട്ടികൾക്ക് തക്കസമയത്ത് പുസ്തകങ്ങൾ എത്തിച്ചിട്ടുണ്ടോ ? കൊടുക്കാമെന്നു പറഞ്ഞ ഉച്ചക്കഞ്ഞി കൊടുത്തിട്ടുണ്ടോ ? നായനാർ ഭരണകാലത്ത് കൊടുത്ത ഉച്ചക്കഞ്ഞിയുടെ കാശ് ഇപ്പോഴും ബാക്കി. ചെമ്പിന്റെ വാടകവരെ കിട്ടാനുണ്ട്". ഏതായാലും ഈ ഗവൺമെൻറ് ആ കാര്യത്തിൽ നിങ്ങളെ സഹായിക്കും. മാത്രമല്ല, പുസ്തകം വേണ്ട എന്നാലും പഠിച്ചോട്ടേ, പരീക്ഷ എഴുതിക്കോട്ടെയെന്നു പറഞ്ഞ ഒരു മുഖ്യമന്ത്രിയായിരുന്നു മുമ്പ് ഇവിടെയുണ്ടായിരുന്നത് എന്നുള്ളത്. നിഷേധിക്കാൻ കഴിയുമോ? ഇപ്പോൾ അതാണോ സ്ഥിതി? നമ്മുടെ വിദ്യാഭ്യാസമേഖലയെ ഈജിയൻ തൊഴുത്തുപോലെ

LIBRARY ARCHIVES Kerala Legislative Assembly